ഇനി 6 നാൾ

FIFA WORLD CUP RUSSIA 2018

കപ്പിൽ മുത്തമിടുക ആരായിരിക്കും

മറഡോണയിലൂടെ വളർന്ന അർജന്റീന സ്നേഹം

കെ.വി.സുമേഷ്
(ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്)

അർജന്റീനയാണ് ഇഷ്ട ടീം. ഇഷ്ട താരം മെസിയും. ലോക കപ്പ് ടെലിവിഷനിലൂടെ കാണാൻ തുടങ്ങിയ നാൾ മുതൽ മറഡോണയുടെ കളിയാണ് ഇഷ്ടപ്പെട്ടത്. ബാറ്റിസ്റ്റ്യൂട്ട തുടങ്ങിയ കളിക്കാരിലൂടെ അർജന്റീന മനസ് കീഴടക്കി. അവരുടെ കേളിശൈലി വേറിട്ടു നിൽക്കുന്നതാണ്. സമീപകാലത്തെ പ്രകടനം നോക്കുമ്പോൾ അർജന്റീന തന്നെ ഇത്തവണ കപ്പ് നേടുമെന്നാണ് വിശ്വാസം. പതിയെ തുടങ്ങി കൊട്ടിക്കയറുന്ന സ്വഭാവമാണ് അർജന്റീനക്ക്.

ബ്രസീലല്ലാതെ മറ്റാര്...

കെ.എസ്.റിയാസ്
(വ്യാപാരി വ്യവസായി ഏകോപന സമിതി ഏരിയാ പ്രസിഡന്റ്)

എല്ലാ ലോകകപ്പിലും കളിക്കുകയും അഞ്ച് തവണ കിരീടം ചൂടുകയും ചെയ്ത ബ്രസീലാണ് എന്റെ ഫേവറേറ്റ് ടീം. കഴിഞ്ഞ തവണ സ്വന്തം നാട്ടിലേറ്റ കനത്ത തേൽവിക്ക് ബ്രസീൽ റഷ്യയിൽ പകരം ചോദിക്കും.

നെയ്മറാണ് ഇഷ്ട താരം. ബ്രസീലിനെ ജേതാക്കളാക്കാൻ സാധിക്കുന്ന താരമാണ് നെയ്മർ. യുവതാരങ്ങളടങ്ങിയ ടീമിന് റഷ്യയിൽ കപ്പുയർത്താൻ കരുത്തുണ്ട്. പരമാവധി എല്ലാ മത്സരങ്ങളും കാണാൻ ശ്രമിക്കും.

ടീം-ഇംഗ്ലണ്ട്, താരം-മെസി, സാധ്യത-പോർച്ചുഗലിന്

കെ.എം ലത്തീഫ്
(വ്യാപാരി വ്യവസായി സമിതി ഏരിയാ പ്രസിഡന്റ്)

മികച്ച യുവതാരങ്ങളുടെ കരുത്തിൽ പഴയ സൗന്ദര്യം തിരിച്ചുപിടിച്ച ഇംഗ്ലണ്ടാണ് റഷ്യൻ ലോകകപ്പിൽ എന്റെ പ്രീയപ്പെട്ട ടീം. ഹാരികെയ്ൻ നയിക്കുന്ന ടീമിന് റഷ്യയിൽ ഒരുപാട് മുന്നേറാനാകും. ഇഷ്ട താരം ആരെന്ന ചോദ്യത്തിന് ഒറ്റ ഉത്തരമേയുള്ളു. ലയണൽ മെസി. മെസിയുടെ കളി ഏറെ ഇഷ്ടമാണ്. ഇഷ്ട ടീം ഇംഗ്ലണ്ടും താരം മെസിയുമാണെങ്കിലും റഷ്യയിൽ കപ്പുയർത്താൻ സാധ്യത ക്രിസ്റ്റ്യാനോ റൊണാൾഡോയുടെ കരുത്തിൽ ബൂട്ട് കെട്ടുന്ന പോർച്ചുഗലിനാണ്. യൂറോ കപ്പിലെ പ്രകടനം പറങ്കിപ്പടക്ക് ഇവിടെയും തുടരാൻ സാധിക്കും.

കോഷൻ ഡിപ്പോസിറ്റ്

ശ്രീകണ്ഠപുരം: ജി.എച്ച്.എസ്.എസ്. 2016-18 വർഷത്തെ കോഷൻ ഡിപ്പോസിറ്റ് വിതരണം തുടങ്ങി. 20 ന് മുൻപ് കൈപ്പറ്റണം.

ശ്രീകണ്ഠപുരം: എസ്. ഇ. എസ്. കോളേജിൽ നിന്ന് 2017-18 വർഷം കോഴ്സ് പൂർത്തിയാക്കിയ വിദ്യാർഥികളുടെ കോഷൻ ഡിപ്പോസിറ്റ് വിതരണം തുടങ്ങി. 29 ന് മുൻപായി കൈപ്പറ്റണമെന്ന് പ്രിൻസിപ്പൽ അറിയിച്ചു.

ജനാധിപത്യ കേരള കോൺഗ്രസ് ധർണ്ണ 15ന്

ആലക്കോട്: പെട്രോൾ-ഡീസൽ വില വർധനക്കെതിരെ ജനാധിപത്യ കേരള കോൺഗ്രസ് സംഘടിപ്പിക്കുന്ന സായാഹ്ന ധർണ്ണ 15ന് വൈകുന്നേരം നാല് മണിക്ക് അലക്കോട് ടൗണിൽ നടക്കും. സംസ്ഥാന ജനറൽ സെക്രട്ടറി അഡ്വ.എ.ജെ ജോസഫ് ഉദ്ഘാടനം ചെയ്യും. പ്രൊഫ.ജോൺ ജോസഫ്, അന്നമ്മ അഗസ്റ്റിൻ, ജോജി ആനിത്തോട്ടം പ്രസംഗിക്കും.

എളമ്പേരം പാറ മദ്റസത്തുൽ അമാന് തുടർച്ചയായ ഏഴാം തവണയും നൂറുമേനി

തളിപ്പറമ്പ: സമസ്ത: സുന്നി വിദ്യാഭ്യാസ ബോർഡിന്റെ പബ്ലിക് പരീക്ഷയിൽ 5,7,10 ക്ലാസുകളിൽ പരീക്ഷയ്ക്ക് ഇരുന്ന മുഴുവൻ വിദ്യാർത്ഥികളും വിജയിച്ചു. എളമ്പേരം പാറ മദ്റസ ത്തുൽ അമാനിൽ നൂറ് ശതമാനം കരസ്ഥമാക്കി. ഇത് തുടർച്ചയായി ഏഴാം തവണയാണ് 7,10 ക്ലാസുകളിൽ നൂറ് ശതമാനം വിജയം ഉണ്ടാകുന്നത്. 5-ാം തരത്തിൽ കഴിഞ്ഞ വർഷം ഒരു കുട്ടിയുടെ തോൽവി മൂലം നഷ്ടപ്പെട്ട നൂറുമേനി ഇത്തവണ വീണ്ടെടുക്കുകയായിരുന്നു. അഞ്ചാം തരത്തിൽ 5 വിദ്യാർത്ഥികളും 7-ാം തരത്തിൽ 15 വിദ്യാർത്ഥികളും പത്തിൽ 6 പേർ ഫസ്റ്റ് ക്ലാസിന് അർഹരായി. പത്താംതരത്തിലെ എം. കെ മുഹമ്മദ് സഹൽ 400 ൽ 399 മാർക്ക് നേടി സംസ്ഥാനത്ത് ഒന്നാം സ്ഥാനത്തിനർഹനായി. വിജയികളായ വിദ്യാർത്ഥികളെയും ഉസ്താദുമാരെയും ദാറുൽ അമാൻ മുഹല്ല് കമ്മിറ്റിയും, കേരള മുസ്ലിം ജമാഅത്ത്, എസ്.വൈ.എസ്, എസ്.എസ്.എഫ് യൂണിറ്റ് കമ്മിറ്റികളും അഭിനന്ദിച്ചു.

ഉന്നത വിജയികളെ ആദരിക്കൽ നാളെ

കരുവഞ്ചാൽ: എസ്.എസ്.എൽ.സി. പരീക്ഷയിൽ ഉന്നത വിജയം നേടിയ കണിയഞ്ചാൽ ഗവ.ഹയർ സെക്കണ്ടറി സ്കൂൾ, ലിറ്റിൽ ഫ്ളവർ സ്കൂൾ, വായാട്ടുപറമ്പ് സെന്റ് ജോസഫ്സ് സ്കൂൾ എന്നിവിടങ്ങളിലെ വിദ്യാർത്ഥികളെ കേരള വ്യാപാരി വ്യവസായി ഏകോപന സമിതി കരുവഞ്ചാൽ യൂണിറ്റ് ആഭിമുഖ്യത്തിൽ നാളെ വൈകുന്നേരം ആറ് മണിക്ക് കരുവഞ്ചാൽ വ്യാപാര ഭവനിൽ ചേരുന്ന ചടങ്ങിൽ അനുമോദിക്കുന്നു. ജോയിംസ് പുത്തൻപുരയുടെ അധ്യക്ഷതയിൽ കെ.സി.ജോസഫ് എം.എൽ.എ ഉദ്ഘാടനം ചെയ്യും.

വെളിച്ചെണ്ണയിലെ മായം തടയാൻ കർശന നടപടികൾ സ്വീകരിക്കണം

കാർത്തികപുരം: ജനങ്ങളുടെ ആരോഗ്യത്തെയും കേര കർഷകരുടെ വരുമാനത്തെയും പ്രതികൂലമായി ബാധിക്കുന്ന വിധത്തിലുള്ള വെളിച്ചെണ്ണയിലെ മായം തടയാൻ സർക്കാർ കർശന നടപടി സ്വീകരിക്കണമെന്ന് കിസാൻ മോർച്ച ഉദയഗിരി പഞ്ചായത്ത് കൺവെൻഷൻ ആവശ്യപ്പെട്ടു. പി.വി.നാരായണൻ ഉദ്ഘാടനം ചെയ്തു. പി.ഡി.ജയലാൽ അധ്യക്ഷത വഹിച്ചു. പി.വി.ബാലൻ, ഗോപിനാഥൻ, സോമൻനായർ, ആന്റണി പുളിക്കൽ, രാജു പയ്യാനിമണ്ഡപം പ്രസംഗിച്ചു.തോമസ് വൈദ്യർ സ്വാഗതവും റോയി മാത്യു നന്ദിയും പറഞ്ഞു. ഭാരവാഹികളായി റോയ് മാത്യു (പ്രസിഡന്റ്), കെ.കെ.രാജൻ(വൈസ്.പ്രസിഡന്റ്), സുരേഷ് വായിക്കമ്പ(ജന.സെക്രട്ടറി), ആന്റണി പുളിക്കൽ(സെക്രട്ടറി), രത്നാകരൻ(ട്രഷറർ) എന്നിവരെ തിരഞ്ഞെടുത്തു.

ക്ഷാമബത്ത അനുവദിക്കുക

കണ്ണൂർ: സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും 2017 ജൂലൈ മാസം മുതൽ കുടിശിക ആയിട്ടുള്ള രണ്ട് ഗഡു ക്ഷാമ ബത്ത എത്രയും പെട്ടെന്ന് അനുവദിക്കണമെന്ന് കെ.കരുണാകരൻപിള്ള അനുസ്മരണ വേദി ജില്ലാ കമ്മിറ്റി സർക്കാരിനോടാവശ്യപ്പെട്ടു. യോഗത്തിൽ പി.കെ.രവീന്ദ്രൻ, സി.പി.പ്രേമരാജൻ, ഒ.ഹരിദാസ്, ബി.സതീശൻ, കെ.പി.കെ കുട്ടികൃഷ്ണൻ, അപ്പു കണ്ണാവിൽ, എ.ജയരാം, സി.വാസുമാസ്റ്റർ, യു.കുഞ്ഞമ്പു, എ.സഹദേവൻ, പി.ടി.സുഗുണൻ സംസാരിച്ചു.

യൂത്ത്ലീഗ് കാരുണ്യസംഗമം സംഘടിപ്പിച്ചു

കണ്ണൂർ: കണ്ണൂർ മണ്ഡലം മുസ്ലിംയൂത്ത് ലീഗ് കാരുണ്യസംഗമം സംസ്ഥാന ഉപാധ്യക്ഷൻ പി.കെ. സുബൈർ ഉദ്ഘാടനം ചെയ്തു. മണ്ഡലം പ്രസിഡണ്ട് അൽത്താഫ് മാങ്ങാടൻ അധ്യക്ഷത വഹിച്ചു. റിലീഫ് വിതരണ ഉദ്ഘാടനം ജില്ലാ ട്രഷറർ മുസ്ലിഹ് മഠത്തിൽ നിർവഹിച്ചു. വി.പി. വമ്പൻ, കെ.പി. താഹിർ, വി. ഫാറൂഖ്, സി. സമീർ, പി.സി. അഹമ്മദ്കുട്ടി, എം.പി. മുഹമ്മദലി, പി.സി. അമീനുല്ലാഹ്, അഡ്വ. കെ.പി. മുനാസ്, പി.സി. നസീർ, നസീർ പുറത്തിൽ സംസാരിച്ചു. അഷ്റഫ് കാഞ്ഞിരോട് സ്വാഗതവും വി.സി. താജുദീൻ നന്ദിയും പറഞ്ഞു.

ടേയ്ക്ക് എ ബ്രേക്ക് നടത്തിപ്പ് ഏറ്റെടുക്കാമെന്ന് ശ്രീകണ്ഠപുരം നഗരസഭ

ശ്രീകണ്ഠപുരം: സംസ്ഥാന പാതയിലൂടെ കടന്നു പോകുന്ന യാത്രക്കാർക്ക് വിശ്രമിക്കാൻ ഉദ്ദേശിച്ച് ശ്രീകണ്ഠപുരം ബസ് സ്റ്റാന്റിന് സമീപം ആരംഭിച്ച ടെയ്ക്ക് എ ബ്രേയ്ക്ക് പദ്ധതി ശാപമോക്ഷം തേടുന്നു. ഏറെ കൊട്ടിഘോഷിച്ച് രണ്ടര വർഷം മുമ്പ് ഉദ്ഘാടനം ചെയ്ത സ്ഥാപനം ഇപ്പോൾ അടഞ്ഞുകിടക്കുകയാണ്.

ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെ നേതൃത്വത്തിൽ 45 ലക്ഷം രൂപ ചിലവഴിച്ചാണ് ടെയ്ക്ക് എ ബ്രേയ്ക്ക് സ്ഥാപിച്ചത്. ജില്ലയിലെ ആദ്യ പദ്ധതിയായിരുന്നു ഇത്. പയ്യാവൂർ ക്ഷേത്ര പരിസരത്ത് സ്ഥാപിക്കാൻ ലക്ഷ്യമിട്ടിരുന്ന സ്ഥാപനം ഭക്തരുടെ എതിർപ്പിനെ തുടർന്നാണ് ശ്രീകണ്ഠപുരത്തേക്ക് മാറ്റിയത്. എ.ടി.എം, കോഫി ഷോപ്പ്, വിശ്രമമുറി, ശൗചാലയം എന്നിവ സ്ഥാപനത്തിൽ ഉണ്ടാവുമെന്ന് പറഞ്ഞിരുന്നെങ്കിലും ശൗചാലയം മാത്രമാണ് ശ്രീകണ്ഠപുരത്ത് ആരംഭിച്ചത്. പ്രതിമാസം 18,000 രൂപയ്ക്ക് സ്ഥാപനം നടത്തിപ്പിന് ഡി.ടി.പി.സി. കരാർ നൽകിയിരുന്നു. കരാറുകാരൻ തൊട്ടടുത്ത സർക്കാർ പുറമ്പോക്ക് സ്ഥലത്ത് നിന്ന് പാർക്കിങ്ങ് ഫീസ് വാങ്ങുന്നത് നഗരസഭ തടഞ്ഞിരുന്നു.

കഴിഞ്ഞ യു.ഡി.എഫ് സർക്കാറിന്റെ അവസാന കാലത്താണ് പദ്ധതി ഉദ്ഘാടനം ചെയ്തത്. ഒരു സർക്കാർ ഏജൻസിക്കായിരുന്നു നിർമ്മാണ ചുമതല. പണിതീർന്ന് മാസങ്ങൾക്കിടയിൽ തന്നെ കെട്ടിടത്തിൽ വിള്ളലുകൾ ഉണ്ടായി. കെട്ടിടത്തിനകത്തെ സാമഗ്രികളെല്ലാം തകരാറിലുമായി.

സ്ഥാപനത്തിന്റെ നിർമ്മാണ ക്രമക്കേ ടുകൾ സംബന്ധിച്ച് കണ്ണൂർ വിജിലൻസ് സി.ഐ ടി.പി സുമേഷിന്റെ നേതൃത്വത്തിൽ അന്വേഷണം നടക്കുന്നുണ്ട്. കെട്ടിടത്തിന്റെ മേൽക്കൂര വിണ്ടുകീറിയത് ഉൾപ്പെടെയുള്ള കാര്യങ്ങൾ വിജിലൻസ്

ശ്രീകണ്ഠപുരത്തെ ടേയ്ക്ക് എ ബ്രേക്ക് കെട്ടിടം.

പരിശോധിച്ചിരുന്നു. നിർമ്മാണത്തിന്റെ തുടക്കം മുതൽ ക്രമക്കേടുകൾ നാട്ടുകാർ ചൂണ്ടിക്കാണിച്ചിരുന്നെങ്കിലും അധികൃതർ ചെവിക്കൊണ്ടില്ല. അടഞ്ഞുകിടക്കുന്ന സ്ഥാപനത്തിന്റെ പരിസരം ഇപ്പോൾ ലഹരി വസ്തുക്കളുടെ വിൽപ്പനകേന്ദ്രമാണ്. കെട്ടിടം അനാഥമായതിനിടെ ടെയ്ക്ക് എ ബ്രേക്ക് പദ്ധതിയുടെ നടത്തിപ്പ് ഏറ്റെടുക്കാനൊരുങ്ങുകയാണ് ശ്രീകണ്ഠപുരം നഗരസഭ.മുന്നോടിയായി ചെയർമാൻ പി.പി.രാഘവൻ ജില്ല കലക്ടറെനേരിൽ കണ്ട് സംസാരിച്ചതിനെ തുടർന്നാണ് വർഷം 23,000 രൂപ വാടക നൽകി. ടേയ്ക്ക് എ ബ്രേക്ക് നടത്തിപ്പ് ഏറ്റെടുക്കാനൊരുങ്ങുന്നത്. എന്നാൽ ഇതിന് നിയമ തടസങ്ങൾ ഏറെയുണ്ട്. ബസ് സ്റ്റാന്റ് പ്രവേശന കവാടത്തിൽ നഗരസഭ നടത്തുന്ന ശൗചാലയം തന്നെ ഇപ്പോൾ മികച്ച രീതിയിലല്ല നടത്തിവരുന്നത്. കൂടാതെ ടെയ്ക്ക് എ ബ്രേയ്ക്ക് നിൽക്കുന്ന സ്ഥലം ഏത് നിമിഷവും പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുമെന്ന സ്ഥിതിയാണ്.ഇതിന് തൊട്ടടുത്തുള്ള സ്ഥലം ടൗൺ സ്ക്വയർ സ്ഥാപിക്കാൻ വിട്ടുകിട്ടുന്നതിനായി നഗരസഭ ചോദിച്ചിട്ടും പൊതുമരാമത്ത് വകുപ്പ് സമ്മതിച്ചിട്ടില്ല. ഇത്തരം സാഹചര്യത്തിൽ സ്ഥിതി എന്താവുമെന്ന് കണ്ടറിയേണ്ടിയിരിക്കുന്നു.



നടുവിൽ താറ്റിയാട് സ്വയം സഹായസംഘം ഓഫീസ് കെ.പി.മൊയ്തീൻ ഉദ്ഘാടനം ചെയ്യുന്നു

ഓഫീസ് ഉദ്ഘാടനം

നടുവിൽ: താറ്റിയാട് ഉദയ സ്വയം സഹായ സംഘം ഓഫീസ് പഞ്ചായത്ത് മെമ്പർ കെ.പി.മൊയ്തീൻ ഉദ്ഘാടനം ചെയ്തു. പി.കെ.രാജേഷ് അധ്യക്ഷത വഹിച്ചു. സി.നാരായണൻ, സി.ഗീത, ഷിജി രാജേഷ്, രമ്യ സനീഷ്, സി.ബാലൻ, സി.മനോജ് പ്രസംഗിച്ചു.

കരുവഞ്ചാൽ ഗ്രാമ സേവാസമിതി ആഭിമുഖ്യത്തിൽ കിടപ്പ് രോഗികൾക്ക് പുതപ്പ് നല്കുന്നു.

കിടപ്പ് രോഗികൾക്ക് സാന്ത്വനമേകി സേവാസമിതി പ്രവർത്തകർ

അലക്കോട്: കരുവഞ്ചാൽ ഗ്രാമ സേവാ സമിതി ആഭിമുഖ്യത്തിൽ കരുവഞ്ചാൽ ഉഷാ ഫാബ്രിക്സിന്റെ സഹകരണത്തോടെ കിടപ്പിലായ രോഗികൾക്ക് പുതപ്പുകൾ നൽകി. വീടുകളിലെത്തി രോഗികളെ സന്ദർശിച്ചാണ് പുതപ്പുകൾ നൽകിയത്. ടി.എസ്.ജയരാജൻ, സിദ്ധാർത്ഥൻ പുതുപ്പാമ്പിൽ, ഇ.ആർ.വിനോദ്, വി.എൻ. സാബു നേതൃത്വം നല്കി.

ആലക്കോട് പോലീസ് സ്റ്റേഷനിൽ ഇഫ്താർ സംഗമം

ആലക്കോട് പോലീസ് സ്റ്റേഷൻ ഇഫ്താർ സംഗമം സി.മോഹനൻ ഉദ്ഘാടനം ചെയ്യുന്നു

ആലക്കോട്: ആലക്കോട് പോലീസ് ആഭിമുഖ്യത്തിൽ ഇഫ്താർ സംഗമവും സ്നേഹവിരുന്നും സംഘടിപ്പിച്ചു. സ്റ്റേഷനിൽ നടന്ന സംഗമം എസ്.ഐ. ടി.ജോൺസണിന്റെ അധ്യക്ഷതയിൽ പഞ്ചായത്ത് വൈസ് പ്രസിഡന്റ് സി.മോഹനൻ ഉദ്ഘാടനം ചെയ്തു. സി.ഐ. ഇ.പി.സുരേശൻ, വി.എ.റഹിം, കെ.പി.സാബു, വർഗീസ് പയ്യമ്പള്ളിൽ, വി.ജി.സോമൻ, സി.ജി.ഗോപൻ, ജയിംസ് പുത്തൻപുര, കെ.ശ്രീനിവാസൻ, അഷ്റഫ് പ്രസംഗിച്ചു. സിവിൽ പോലീസ് ഓഫീസർ പി.രവീന്ദ്രൻ സ്വാഗതവും എസ്.ഐ.പ്രഭാകരൻ നന്ദിയും പറഞ്ഞു. രാഷ്ട്രീയ- സാമൂഹ്യ-സാംസ്കാരിക നേതാക്കളും വ്യാപാരി പ്രതിനിധികളും മാധ്യമപ്രവർത്തകരും പങ്കെടുത്തു.

ഇ. എം. എസിന്റെ ലോകം സെമിനാർ 13ന്

കണ്ണൂർ: ഇ.എം.എസിന്റെ 109-ാം ജന്മ ദിനത്തിന്റെ ഭാഗമായി ജില്ലാ ലൈബ്രറി ഇ.എം.എസ് ചെയർ സംഘടിപ്പിക്കുന്ന ഇ.എം. എസിന്റെ ലോകം സെമിനാർ 13ന് നടക്കും. രാവിലെ 9.30മുതൽ ശിക്ഷക് സദനിൽ നടക്കുന്ന സെമിനാറിൽ ഇന്ത്യൻ ഭരണഘടനയും മതേതരത്വവും, വികസനവും പരസ്ഥിതിയും, മിർക്സിയൻ വീക്ഷണങ്ങൾ, കേരളീയ ബദൽ 1957-2018 എന്നീ വിഷയങ്ങളിൽ അവതരണം നടക്കും. ലൈബ്രറി കൗൺസിൽ നേതൃത്വത്തിൽ കണ്ണൂരിന്റെ സാംസ്കാരിക ചരിത്രത്തെക്കുറിച്ച് നടക്കുന്ന പഠന ത്തിന്റെ ഭാഗമായുള്ള ഓപ്പൺ ഫോറവും നടക്കും.

വിജയ് നീലകണ്ഠന് സപര്യ സാംസ്കാരിക സമിതിയുടെ ഉപഹാരം കവി എസ്. രമേശൻ നായർ നൽകുന്നു

വിജയ് നീലകണ്ഠനെ ആദരിച്ചു

കാഞ്ഞങ്ങാട്: പരിസ്ഥിതി വനം വന്യജീവി സംരക്ഷണ രംഗത്തും സാമൂഹ്യ സാംസ്കാരിക രംഗത്തും നൽകിക്കൊണ്ടിരിക്കുന്ന സേവനത്തെ മുൻനിർത്തി പ്രമുഖ പരിസ്ഥിതി പ്രവർത്തകൻ വിജയ് നീലകണ്ഠനെ സപര്യ സാംസ്കാരിക സമിതിക്കു വേണ്ടി മഹാകവി എസ്. രമേശൻ നായർ ആദരിച്ചു. പ്രമുഖ ശില്പി കാനായി കുഞ്ഞിരാമൻ, കവി രമേശൻ നായർ, ഗവേഷകൻ ഡോക്ടർ ആർ. സി. കരിപ്പത്ത്എന്നിവരടങ്ങിയ കമ്മിറ്റിയാണ് വിജയ് നീലകണ്ഠനെ തെരഞ്ഞെടുത്തത്. കാഞ്ഞങ്ങാട് വ്യാപാര ഭവനിൽ നടന്ന ചടങ്ങിൽ ഡോക്ടർ ടി. എ. സുന്ദർ മേനോൻ ആയിരുന്നു. തളിപ്പറമ്പ് പെരുംചെല്ലൂർ സംഗീത സഭയുടെ സ്ഥാപകൻ കൂടിയാണ് വിജയ് നീലകണ്ഠൻ.

എസ്.എസ്.എൽ.സി പരീക്ഷയിൽ മുഴുവൻ വിഷയങ്ങൾക്കും എ പ്ലസ് നേടിയ വിദ്യാർത്ഥികളെ ക്ലസ്റ്റർ പ്രസിഡന്റ് മുസ്തഫ കുറ്റിക്കോൽ ഉപഹാരം നൽകുന്നു.

ഉന്നതവിജയികളെ അനുമോദിച്ചു

തളിപ്പറമ്പ്: എസ്.കെ.എസ്.എസ്.എഫ്. മുക്കോല ശാഖാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ എസ്.എസ്.എൽ.സി പരീക്ഷയിൽ മുഴുവൻ വിഷയങ്ങൾക്കും എ പ്ലസ് നേടിയ വിദ്യാർത്ഥികളെ അനുമോദിച്ചു. ശാഖ പ്രസിഡന്റ് മുസ്തഫ പൂക്കോയ തങ്ങൾ ഉദ്ഘാടനം ചെയ്തു. വെള്ളിക്കീൽ ഖത്തീബ് അബ്ദുള്ള അസ്അദി മുഖ്യപ്രഭാഷണം നടത്തി. ക്ലസ്റ്റർ പ്രസിഡന്റ് മുസ്തഫ കുറ്റിക്കോൽ വിദ്യാർത്ഥികൾക്ക് ഉപഹാരം നൽകി. ശാഖാ സെക്രട്ടറി എം.മുഹമ്മദ് ഷാറൂഖ് സ്വാഗതവും കെ.വി.ശംസുദീൻ നന്ദിയും പറഞ്ഞു.



ഐ.ആർ.പി.സി. മെഡിക്കൽ ക്യാമ്പ് പൂവഞ്ചാലിൽ കെ.എസ്.ചന്ദ്രശേഖരൻ ഉദ്ഘാടനം ചെയ്യുന്നു

സൗജന്യ മെഡിക്കൽ ക്യാമ്പ്

ആലക്കോട്: ഐ.ആർ.പി.സി. കാർത്തികപുരം യൂണിറ്റിന്റെയും ഭാരതീയ ചികിത്സാ വകുപ്പിന്റെയും സംയുക്താഭിമുഖ്യത്തിൽ പൂവഞ്ചാലിൽ സൗജന്യ ആയുർവേദ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു. ഐ.ആർ.പി.സി. സോണൽ കമ്മിറ്റി അംഗം കെ. എസ്.ചന്ദ്രശേഖരൻ ഉദ്ഘാടനം ചെയ്തു. പഞ്ചായത്ത് മെമ്പർ തങ്കമ്മ ദാമോദരൻ അധ്യക്ഷത വഹിച്ചു. ഡോ.പി.സ്മിത, ഡോ. റെജീന സെബാസ്റ്റ്യൻ, ജോസഫ് മാത്യു, പി.ആർ.ഷാജി, പത്മനാഭൻ പുലിക്കിരി, കെ.വി.കുഞ്ഞിരാമൻ പ്രസംഗിച്ചു. പി.കെ.സുരേന്ദ്രൻ സ്വാഗതവും കെ.സി.ലക്ഷ്മണൻ നന്ദിയും പറഞ്ഞു. മഴക്കാല രോഗങ്ങൾക്കുള്ള പ്രതിരോധ മരുന്ന് വിതരണവും നടന്നു.

വായാട്ടുപറമ്പ് കവല-വിളക്കണ്ണൂർ റോഡിന് നാല് കോടി അനുവദിച്ചു

ആലക്കോട്: വായാട്ടുപറമ്പ് കവല-ഉടുമ്പുംചീത്ത-വിളക്കണ്ണൂർ റോഡ് മെക്കാഡം ടാറിംഗിന് സംസ്ഥാന സർക്കാർ നാല് കോടി രൂപ അനുവദിച്ചു. ജെയിംസ് മാത്യു എം.എൽ.എയുടെ ശ്രമഫലമായാണ് ഫണ്ട് അനുവദിച്ചത്. വായാട്ടുപറമ്പ് മേഖലയിലെ ജനങ്ങളുടെ ദീർഘ കാല കാത്തിരിപ്പ് സഫലമാക്കി മെക്കാഡം ടാറിംഗ് പ്രവർത്തനാനുമതി നേടിയെടുത്ത ജെയിസ് മാത്യു എം.എൽ.എയെ ഉടുമ്പുംചീത്ത കവല കൈരളി സ്വാശ്രയ സംഘം യോഗം അനുമോദിച്ചു.

പരിസ്ഥിതി ബോധവൽക്കരണവും ഇഫ്ത്താറും

തളിപ്പറമ്പ: മാനവ സൗഹൃദ സദസ്സും പരിസ്ഥിതി ബോധവൽകരണ ക്ലാസ്സും ഇഫ്താർ സംഗമവും 10ന് വൈകുന്നേരം 5 മണിക്ക് കപ്പാലം വ്യാപാര ഭവനിൽ നടത്തുവാൻ കൊടിയിൽ സലീമിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന മുൻസിപ്പൽ മുസ്ലിം ലീഗ് കമ്മിറ്റി യോഗം തീരുമാനിച്ചു. പി.പി മുഹമ്മദ് നിസാർ, സി.പി.ഖാദർ ഹാജി, പറമ്പിൽ അബ്ദു റഹിമാൻ, പി.എം.അസീസ് ഹാജി, പി.പി. ഇസ്മയിൽ പ്രസംഗിച്ചു

എസ്. ഡി. പി. ഐ ജില്ലയിൽ 1000 മഴക്കുഴികൾ നിർമ്മിക്കും

കണ്ണൂർ: ഹരിത നാട്, ഹരിതഭൂമി എന്ന പേരിൽ 21 വരെ പരിസ്ഥിതി പ്രചരണ കാലമായി ആചരിക്കാൻ എസ്.ഡി.പി.ഐ തീരുമാനിച്ചതായി ജില്ലാ ജനറൽ സെക്രട്ടറി ബഷീർ കണ്ണാടിപ്പറമ്പ അറിയിച്ചു. ബ്രാഞ്ച് കമ്മിറ്റികളുടെ മേൽനോട്ടത്തിൽ ജില്ലയിലുടനീളം ആയിരം മഴക്കുഴികൾ നിർമ്മിക്കും. കിണർ റീചാർജിംഗിനെ കുറിച്ചും പരിസ്ഥിതി പരിപാലനത്തെ കുറിച്ചും ഗൃഹസന്ദർശനം നടത്തി ജനങ്ങളെ ബോധവൽക്കരിക്കും. ചർച്ചകൾ, പ്രഭാഷണങ്ങൾ, സോഷ്യമീഡിയ പ്രചരണം, ഗൃഹ സന്ദർശനം എന്നിവക്ക് പുറമെ വൃക്ഷത്തൈ നടൽ, സൗജന്യ സാങ്കേതിക സഹായം തുടങ്ങിയവയും സംഘടിപ്പിക്കും. പരിസ്ഥിതി പ്രചരണത്തിന്റെ ജില്ലാതല ഉദ്ഘാടനം മാട്ടൂൽ സൗത്ത് ബ്രാഞ്ചിൽ ജില്ലാ പ്രസിഡണ്ട് ബഷീർ പുന്നാട് നിർവഹിക്കുന്നു.